LIBRARY ARCHIVES Kerala Legislative Assembly

പാണപ്പുഴ വില്ലേജിലെ കയ്യേറ്റം

68 (2561) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പാണപ്പുഴ വില്ലേജിൽ മിച്ചഭൂമി അളന്നു തിട്ടപ്പെടുത്തിയിട്ടുണ്ടോ ; എത്ര ഭൂമിയാണ് അളന്നുതിട്ടപ്പെടുത്തിയത് ; എത്ര പേർക്ക് പട്ടയം കൊടുത്തിട്ടുണ്ട് ; വിശദാംശം നൽകാമോ ;

(ബി) പാണപ്പുഴ വില്ലേജിൽ റവന്യൂഭൂമി വ്യാപകമായി കൈയേറുന്നത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ; ലഭിച്ച പരാതിയിൽ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) കയ്യേറ്റക്കാരിൽനിന്ന് ഭൂമി തിരിച്ചുപിടിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) പാണപ്പുഴ വില്ലേജിലെ 919.57 ഏക്കർ മിച്ചഭൂമി അളന്ന് തിട്ടപ്പെടുത്തി ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത വില്ലേജിൽ 2141 പേർക്ക് മിച്ചഭൂമി പതിച്ച് നൽകി പട്ടയം കൊടുത്തിട്ടുണ്ട്.

(ബി&സി) റവന്യൂഭൂമി കയ്യേറ്റം സംബന്ധിച്ച പരാതിയൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ചാലക്കുടി താലൂക്ക് ഓഫീസ് കെട്ടിടം നിർമ്മാണം

69 (2562) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ റവന്യൂ വകുപ്പിനുകീഴിലുള്ളതും നേരത്തെ വ്യവസായ വകുപ്പിൽ നിന്നും ചാലക്കുടി മുനിസിപ്പാലിറ്റിക്കു കൈമാറിക്കിട്ടിയതുമായ 'ദീ-ഫ്രാക്ടറീസ്' വക സ്ഥലത്ത് ചാലക്കുടി താലൂക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥലം കൈമാറ്റം സംബന്ധിച്ച് സർക്കാരോ ചാലക്കുടി മുനിസിപ്പാലിറ്റിയോ എന്തെങ്കിലും നടപടികൾ ഇനിയും പൂർത്തീകരിക്കാനുണ്ടോ യെന്ന് വ്യക്തമാക്കാമോ?